"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - ഭൂവിനിയോഗ വകുപ്പ്- ദിവസവേതന/കരാർ ജീവനക്കാരുടെ കാറ്റഗറി പുനഃക്രമീകരിച്ച് വേതനം വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.98/2026/P&EA തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-

1. 11.02.2021 ലെ സ.ഉ.(പി)നം.29/2021/ധന
2. ഭൂവിനിയോഗ കമ്മീഷണറുടെ 21/08/2025, 29/10/2025, തീയതികളിലെ എൽ.യു.ബി/530/2024-A നമ്പർ കത്തുകൾ
2. 19.04.2025 ലെ സ.ഉ. (പി) നം.54/2025/ധന.

**ഉത്തരവ്**

ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു കൊണ്ടും പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തികൊണ്ടും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഭൂവിനിയോഗ വകുപ്പിന് സമാനമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ പ്രോജക്ട് സയന്റിസ്റ്റുമാർക്ക് കാറ്റഗറി X ൽ ഉൾപ്പെടുത്തി പ്രതിമാസം 36,000/- രൂപ വേതനമായി നൽകി വരുന്നുണ്ടെന്നും എന്നാൽ ഭൂവിനിയോഗ ബോർഡിൽ സമാന പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതും സമാന യോഗ്യതകൾ നിഷ്കർഷിക്കുന്നതുമായ പ്രോജക്ട് സയന്റിസ്റ്റ് തസ്തികയെ കാറ്റഗറി IV ൽ ഉൾപ്പെടുത്തി പ്രതിമാസം 22,290/-രൂപയാണ് വേതനമായി നൽകി വരുന്നതെന്നും വേതനത്തിലുള്ള ഈ അന്തരം മറ്റ് തസ്തികകളിലും നിലനിൽക്കുന്നുണ്ടെന്നും മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഭൂവിനിയോഗ വകുപ്പിലെ പ്രോജക്ട് സയന്റിസ്റ്റ്, ക്ലർക്ക്/ഡാറ്റ എൻട്രി ഓപ്പറേറ്റർ/ ടൈപ്പിസ്റ്റ്, ജി.ഐ.എസ്. ടെക്നീഷ്യൻ എന്നീ തസ്തികൾക്ക് കാറ്റഗറി പുനഃക്രമീകരിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം ഭൂവിനിയോഗ കമ്മീഷണർ

അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭൂവിനിയോഗ വകുപ്പിലെ ചുവടെ പറയുന്ന തസ്തികകളുടെ വേതനം താഴെ പറയുന്ന പ്രകാരം ഈ ഉത്തരവ് തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **തസ്തിക** | **നിലവിലെ കാറ്റഗറിയും പ്രതിമാസ ശമ്പള നിരക്കും** | **പുനഃനിശ്ചയിച്ച കാറ്റഗറിയും ശമ്പള നിരക്കും** |
|---|---|---|
| പ്രോജക്ട് സയന്റിസ്റ്റ് | കാറ്റഗറി IV<br>രൂപ 22,290/- | കാറ്റഗറി X<br>രൂപ 37,800/- |
| ക്ലർക്ക് / ഡാറ്റ എൻട്രി ഓപ്പറേറ്റർ / ടൈപ്പിസ്റ്റ് | കാറ്റഗറി I<br>രൂപ 18,390/- | കാറ്റഗറി III<br>രൂപ 22,240/- |
| ജി.ഐ.എസ് ടെക്നീഷ്യൻ | കാറ്റഗറി II<br>രൂപ 20,065/- | കാറ്റഗറി IV<br>രൂപ 23,410/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഭൂവിനിയോഗ കമ്മീഷണർ, ഭൂവിനിയോഗ വകുപ്പ് തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം,
4. ധനകാര്യ വകുപ്പ് (31.01.2026 ലെ No. 3062367 :EXP-B3/72/2025)
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Unnikrishnan Nair. B. S
Date: 02-03-2026 13:54:43
സെക്ഷൻ ഓഫീസർ